LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് ഭൂമിയുടെ നല്ല നാളേയ്ക്കായി 5 ലക്ഷം വൃക്ഷത്തൈകൾ നട്ടുവളർത്തുക എന്നതാണ് ആലില പദ്ധതിവഴി പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. പരിസ്ഥിതി സംരക്ഷണത്തിൽ വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ജനങ്ങളിൽ അവബോധമുണ്ടാക്കുക എന്നിവയും ഇതിലുൾപ്പെടുന്നു. സഹകരണ സംഘങ്ങൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഗാന്ധിജയന്തി ദിനമായ 2014 ഒക്ടോബർ 2-ാം തീയതി മുതൽ 2015 മാർച്ച് 31-ാം തീയതിവരെയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നത്. മഴക്കാലത്തേയ്ക്കുകൂടി പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന സഹകാരികളുടെ അഭിപ്രായം പരിഗണിച്ച് ടി പദ്ധതിയുടെ കാലയളവ് 2015 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലും ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ പൊതുസ്ഥലത്തും വൃക്ഷത്തൈകൾ നട്ടുവരുന്നു. വനം വകുപ്പ്, കൃഷി വകുപ്പ്, സർക്കാർ നിയന്ത്രണത്തിലുള്ള ഫാമുകൾ, കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ഫാമുകൾ എന്നിവിടങ്ങളിൽനിന്നും വൃക്ഷത്തൈകൾ സൗജന്യമായി ലഭ്യമാക്കി സംഘങ്ങൾവഴി വിതരണം ചെയ്തുവരുന്നു. അതോടൊപ്പം വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും പ്രസംഗം, ഉപന്യാസം, ക്വിസ് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് പ്രശംസാ പത്രങ്ങളും അവാർഡും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ ഏകോപനവും അവലോകനവും ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർമാർ നടത്തിവരുന്നു.

## കേരള സ്റ്റേറ്റ് മെഡിക്കൽ ഷോപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം

**69(2057)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് മെഡിക്കൽ ഷോപ്പ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നുവോ ; എങ്കിൽ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ; ആർക്കാണ് അന്വേഷണ ചുമതല എന്ന് വ്യക്തമാക്കുമോ ;

(ബി) അന്വേഷണത്തിന് ഉത്തരവായത് എന്നാണ് ; അന്വേഷണ കാലാവധി അവസാനിച്ചോ ; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് മെഡിക്കൽ ഷോപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനത്തിൽ ക്രമക്കേടുകൾ നടക്കുന്നതായി പരാതി ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനായി കണയന്നൂർ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സഹകരണ സംഘം രജിസ്ട്രാറുടെ 12-12-2014-ലെ ഉത്തരവ് മുഖാന്തിരമാണ് അന്വേഷണത്തിന് ഉത്തരവായിരുന്നത്. 45 ദിവസത്തെ അന്വേഷണ കാലാവധി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത കാലാവധി അവസാനിച്ചിട്ടുണ്ട്. 10-6-2015-ൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

## നൻമ സ്റ്റോറുകൾ

**70(2058)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പുതുതായി നന്മ സ്റ്റോറുകൾ ആരംഭിക്കുവാനായി ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം നിരസിച്ചിട്ടുണ്ടെന്ന് കാരണം സഹിതം വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പുതുതായി നൻമ സ്റ്റോറുകൾ ആരംഭിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ ഒന്നുംതന്നെ നിരസിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly